കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# എലംകുളം ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19


കേരള സംസ്ഥാന ഓഡിറ്റ് മലപ്പുറം ജില്ലാ സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.11/419/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,മലപ്പുറം

തീയതി: 09-03-2020

ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ഏലംകുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഏലംകുളം ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - പുറപ്പെടുവിക്കുന്നത് -സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഏലംകുളം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.ഈ റിപ്പോർട്ടിലെ ഭാഗം 2,ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(AIMS)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം

4) കാര്യാലയ പകർപ്പ്

എം.എ).5/2020

നം കെ.എസ്.എ.എം.പി.എം.11/419/2020

തിയതി: 09-03-2020

മലപ്പുറം ജില്ലയിലെ ഏലംകുളം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ഏലംകുളം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 11.09.2018 മുതൽ 18.02.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

---

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. അജിത്ത് ആർ, ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ്)

---

ഓഡിറ്റിന് വിനിയോഗിച്ച സമയം : 06-02-2020 മുതൽ 18-02-2020 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. നസ്സീർ .ടി.കെ | ഓഡിറ്റ് ഓഫീസർ |
| ശ്രീ. ഗഫൂർ .സി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. ഷാജഹാൻ ഖുറൈശി.എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. ഷജീർ .കെ | ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| പേര് | കാലയളവ് |
|---|---|
| ശ്രീമതി. ആയിഷ.കെ | 01.04.2018 മുതൽ 31.03.2019 വരെ |

സെക്രട്ടറി

| ക്രമ നം | പേര് | കാലയളവ് |
|---|---|---|
| 1 | ശ്രീ.വിനോദ് കുമാർ .ടി.എം | 01.04.2018 മുതൽ 20.6.2018 വരെ |
| 2 | ശ്രീമതി.ജെസ്സി.പി.വി | 21.06.2018 മുതൽ 19.3.2019 വരെ |
| 3 | ശ്രീ.സുനിൽകുമാർ.ടി.പി | 20.03.2019 മുതൽ 30.3.2019 വരെ |

<u>മററുനിർവഹണാധികാരികൾ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ഡോ.നിസ്സാർ.പി | 01.04.2018മുതൽ31.3.2019വരെ |
| വി.ഇ.ഒ | ശ്രീമതി.സുമയ്യ.കെ.ടി | 01.04.2018മുതൽ07.06.2018വരെ |
| | ശ്രീമതി.ജയചിത്ര | 08.06.2018മുതൽ12.2.2019വരെ |
| | ശ്രീ.ബൈജു .പി.സി | 13.02.2019മുതൽ31.3.2019വരെ |
| മെഡിക്കൽ ഓഫീസർ (PHC) | ഡോ.സമിത | 01.04.2018മുതൽ19.4.2018വരെ |
| | ഡോ.ഫുഹദ് | 20.04.2018മുതൽ6.5.2018വരെ |
| | ഡോ.ഫൌസിയ | 07.05.2018മുതൽ19.3.2019വരെ |
| | ഡോ.ഫുഹദ് | 20.03.2019മുതൽ31.3.2019വരെ |
| വെറ്റിനറി സർജ്ജൻ | ഡോ.സിദ്ധിക്ക് | 01.04.2018മുതൽ31.3.2019വരെ |
| ICDSസൂപ്പർ വൈസർ | ശ്രീമതി.രജനി.പി | 01.04.2018മുതൽ31.3.2019വരെ |
| അസി.സെക്രട്ടറി | ശ്രീ.സുനിൽകുമാർ ടി.പി | 01.04.2018മുതൽ31.03.2019വരെ |
| അസി.എൻജിനിയർ | ശ്രീമതി.ജംസീറ,സി.പി | 01.04.2018മുതൽ31.03.2019വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.പങ്കജാക്ഷൻ | 01.04.2018മുതൽ31.03.2019വരെ |

## <u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1<br>ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെൻറ് പ്രകാരം | 1-3 |
| 4 | ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) | 1-4 |
| 5 | പദ്ധതി അവലോകനം. | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | മരാമത്ത് പ്രവൃത്തിയുടെ ടെ ബില്ലിൽ നിന്നും GST ഈടാക്കാത്തത്-സംബന്ധിച്ച് | 1-12 |
| 13 | MGNRES-മെറ്റീരിയൽ പർച്ചേസ് -അപാകതകൾ | 1-13 |
| 14 | സ്വകാര്യ കമ്പനിയ്ക്ക് OFC കേബിൾ അനുമതി നൽകൽ -റസ്റ്റോറേഷൻ ചാർജ്ജ് കുറവായി ഈടാക്കി | 1-14 |
| 15 | 2014 ലെ പേ റിവിഷൻ കുടിശ്ശിക-15% പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടില്ല | 1-15 |
| 16 | പദ്ധതി നിർവ്വഹണം-39 ലക്ഷം രൂപ ലാപ്സാക്കിയത് സംബന്ധിച്ച് | 1-16 |
| | | |

| | | |
|---|---|---|
| 17 | ടെണ്ടർ അപാകത- 38402 രൂപ നഷ്ടം | 1-17 |
| 18 | പരിരക്ഷാ വാഹനം HMC ക്ക് കൈമാറാൻ നടപടിയായില്ല. | 1-18 |
| 19 | പഞ്ചായത്തിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ -അപാകതകൾ | 1-19 |
| 20 | ക്യാൻസൽഡ് രസീതികൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല | 1-20 |
| 21 | ബിൽഡിങ് പെർമ്മിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | 1-21 |
| 22 | രസീതി -പണം പിരിവ് അപാകതകൾ | 1-22 |
| 23 | മരുന്ന് ലഭ്യമാക്കിയിട്ടില്ല | 1-23 |
| 24 | ടെൻണ്ടർ ഫോം വില കുറവായി ഈടാക്കി | 1-24 |
| 25 | പൊതു ടാപ്പുകൾ -സംയുക്ത പരിശോധന നടത്തണം | 1-25 |
| 26 | ഡപ്പോസിറ്റ് -വിനിയോഗ വിവരം ലഭ്യമാക്കണം | 1-26 |
| 27 | അഗതി രഹിത ഗ്രാമം -പ്ളാൻ ഫണ്ട് ചെലവഴിക്കാത്തത് സംബന്ധിച്ച് | 1-27 |
| 28 | പിരിച്ചെടുത്ത ലൈബ്രറി സെസ്സ് സമയബന്ധിതമായി അടവാക്കുന്നില്ല | 1-28 |
| 29 | E-TENDER- ടെൻണ്ടർ ഫീ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം | 1-29 |
| 30 | KWA ഡപ്പൊസിറ്റ് വർക്ക് -എസ്റ്റിമേറ്റിൽ അധികരിച്ച് തുക നൽകി | 1-30 |
| 31 | പത്രപ്പരസ്യം നൽകൽ -സർക്കാർ ഉത്തരവ് പ്രകാരമുള്ള ഡിസ്കൗണ്ട് ലഭ്യമാക്കിയിട്ടില്ല | 1-31 |
| | ഭാഗം 2<br>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 32 | ടെൻണ്ടർ ഫോം വില കുറവായി ഈടാക്കി | 2-1 |
| | ഭാഗം 3<br>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 33 | KWA ഡപ്പൊസിറ്റ് വർക്ക് -എസ്റ്റിമേറ്റിൽ അധികരിച്ച് തുക നൽകി | 3-1 |
| 34 | ടെണ്ടർ അപാകത-38402 രൂപ നഷ്ടം | 3-2 |
| | ഭാഗം 4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 35 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 36 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 37 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം | 4-3 |
| 38 | മൊബൈലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 39 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 40 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 41 | ഓഡിറ്റ് റിക്കവറി | 4-7 |
| 42 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-8 |
| 43 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 45 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 46 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 |

| | | |
|---|---|---|
| 47 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് | 2 |
| 48 | റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് | 3 |
| 49 | ബാലൻസ് ഷീറ്റ് | 4 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

09.03.2018.തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 15.7.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 6587720 |
| വരവ് | 78249257 |
| ആകെ | 84836977 |
| ചെലവ് | 61546172 |
| നീക്കിയിരിപ്പ് | 23290805 |

## 1-4 ഫണ്ട് വിനിയോഗം (എ.സി.ആർ. പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ബാക്കി |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 14285000 | 14285000 | 12629911 | 1655089 |
| വികസനഫണ്ട് എസ്.സി.പി. | 0 | 8785000 | 8785000 | 8782737 | 2263 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 13300 | 13300 | 0 | 13300 |
| വികസനഫണ്ട് -സി.എഫ്.സി ഗ്രാന്റ് | 0 | 6629000 | 6629000 | 5251916 | 1377084 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 5405000 | 5405000 | 5398139 | 6861 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2953000 | 2953000 | 2038994 | 914006 |
| SBT PD A/C | 3493 | 0 | 3493 | 0 | 3493 |
| എസ്.എം.ജി.ബി A/C | 26644 | 2989 | 29633 | 29633 | 0 |
| SBI | 119283 | 455673 | 574956 | 87104 | 487852 |
| തനത് ഫണ്ട് ESCB | 4791912 | 8393440 | 13185352 | 7315401 | 5869951 |
| ട്രഷറി TSB | -349585 | 28193392 | 27843807 | 14690928 | 13152879 |

| | | | | | |
|---|---|---|---|---|---|
| ലൈഫ് | 0 | 7741685 | 7741685 | 6474661 | 1267024 |
| EMS ലോൺ | 1250 | 4353 | 5603 | 5603 | 0 |
| എസ്.എം.ജി.ബി -MGNR | 11549 | 433506 | 445055 | 419477 | 25578 |
| SMGB (TSC ) | 1812545 | 1749308 | 3561853 | 1225782 | 2336071 |
| SMGB (Litaracy ) | 1512 | 62 | 1574 | 118 | 1456 |
| എസ്.എം.ജി.ബി (SSA) | 79768 | 2458 | 82226 | 30006 | 52220 |
| എസ്.ബി.ടി (സ്പോർട്സ് | 14548 | 0 | 14548 | 0 | 14548 |
| joint venture TSB | 00 | 562000 | 562000 | 562000 | 00 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 180 | 77863705 | 141 | 47092828 | 0 | 39 | 78% |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 11549 | 433506 | 445055 | 419477 | 25578 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 12739176 | 12739176 | 12739176 | 0 |
| ആകെ | 11549 | 13172682 | 13184231 | 13158653 | 25578 |

തൊഴിലുറപ്പ് പദ്ധതിയിൽ EFMS പ്രകാരം നൽകിയ തുക, 12739176 രൂപ വാർഷിക കണക്കിൻറ Income and expenditure ൽ(I-6/ I-14a) ഉൾപ്പെടുത്തിയിട്ടില്ല. ആയതിന്റെ അഡ്മിനിസ്ട്രേറ്റീവ് ചെലവ് 4,19,477 രൂപ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.കൂടാതെ വാർഷിക കണക്ക് GENARAL LEDGER TRAIL BALANCE ൽ 450610101 ഹെഡിൽ NREGS അക്കൌണ്ടിൽ വരവായി 1028559/-രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത് ചെലവ് 1014530/-രൂപയും ആയത് വിശദീകരിക്കപ്പെട്ടിട്ടില്ല.

# 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം<br>Unemployment Allowance Scheme | 128880 | 65 |
| കർഷകതൊഴിലാളി പെൻഷൻ<br>Pension for Agricultural Workers | 5587200 | 447 |

| | | |
|---|---|---|
| വിധവാപെൻഷൻ<br>Destitute /Widow Pension | 14504300 | 1176 |
| വാർദ്ധക്യകാലപെൻഷൻ<br>National Old Age Pension | 18040800 | 1521 |
| വികലാംഗപെൻഷൻ<br>Pension for Physically Challenged/Mentally Challenged | 4370100 | 368 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിത സ്ത്രീകൾക്കുള്ള പെൻഷൻ<br>Pension for Unmarried women aged above 50 | 1418000 | 113 |
| വിധവകളായ സ്ത്രീകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം<br>Financial Help for Widow's Daughters Marriage | 180000 | 6 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.02.2020 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3931/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി)

1) അംഗീകാരം വാങ്ങി നിർവ്വഹണം നടത്തിയ പല തനത് ഫണ്ട് പ്രൊജ്ക്റ്റുകളുടെ ചെലവ് എ.െ.കെ.എം. സ്റ്റേറ്റുമെന്റിൽ ഉൾപ്പെട്ടിട്ടില്ല. അക്കൌണ്ടിങ്ങിലെ കാര്യക്ഷമതയില്ലായ്മയാണ് കാരണം.അസ്സറ്റ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2) വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി പഞ്ചായത്തു തല ആസൂത്രണ സമിതി , വർക്കിംഗ് ഗ്രൂപ്പുകൾ ഉൾപ്പെടെയുള്ളവ കാര്യക്ഷമമാക്കാൻ പ്രവർത്തിക്കാൻ മേൽ നോട്ട ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രവർത്തനം കാര്യക്ഷമമല്ല. വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടുകളുടെ കൃത്യത പരിശോധിക്കേണ്ടതും നിർദ്ദേശിക്കപ്പെടുന്ന പ്രോജക്ട് ആശയങ്ങൾ നടപ്പിലാക്കുന്നുവെന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ ഉറപ്പുവരുത്തേണ്ടതുമാണ്.

3) വർഷാവസാനം സർക്കാരിലേക്കും മറ്റു ഏജൻസികളിലേക്കും നിയമപരമായും സമയബന്ധിതമായും അടവാക്കേണ്ട തുകകൾ തനതു ഫണ്ടിൽസൂക്ഷിക്കുന്നുണ്ട്.ആയവ സമയബന്ധിതമായി അടവാക്കേണ്ടതാണ്.

4)പഞ്ചായത്തിന്റെ പൊതു മരാമത്ത് പ്രവൃത്തികളിൽ അധികവും വികസന സ്ഥിരം സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് അംഗീകാരം ലഭിക്കുന്നതും നിർവഹണ ഘട്ടങ്ങൾ പൂർത്തിയാക്കേണ്ടതും.വാർഷിക പദ്ധതി നിർദേശങ്ങൾ നൽകുക എന്നതിലുപരിയായി പ്രോജക്റ്റുകളുടെ ജയപാരാജയങ്ങൾ വിലയിരുത്തുന്നതിൽ സ്ഥിരം സമിതികളുടെ ഇടപെടൽ പരമിതമാണ് എന്ന് മിനുട്സിൽ നിന്ന് വ്യക്തമാവുന്ന.

പ്രോജക്റ്റുകളുടെ പൊതുവായ വിലയിരുത്തൽ /പദ്ധതി അവലോകനം നടത്തുന്നതായി മിനുട്സിൽ രേഖപ്പെടുത്തുന്നുണ്ട്.എന്നാൽ പ്രത്യേകമായി ഒരു പ്രോജക്ടിനെ കുറിച്ചും വിലയിരുത്തൽ നടത്തി തീരുമാനം രേഖപ്പെടുത്തുന്നതിൽ സ്ഥിരം സമിതി ശ്രദ്ധചെലുത്തിയിട്ടില്ല എന്ന് കാണുന്നു.

5)അസി.എൻജിനിയറുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ
a.ടെൻണ്ടർ ഫോം,എംബുക്ക് എന്നിവയുടെ സ്റ്റോക്ക് വിവരം ലഭ്യമാക്കിയിട്ടില്ല

b.ഒരു സ്ഥലത്തേ ഒരേ തരം പ്രവർത്തികൾക്ക് ഒരു വർഷത്തിൽ പല പ്രൊജക്റ്റുകൾ തയ്യാറാക്കി അംഗീകരാരം വാങ്ങിയിട്ടുണ്ട് .

c.നിർവ്വഹണം നടത്തി തുക അനുവദിച്ച ഒരു പ്രവർത്തിയുടെയും മോണിട്ടറിങ് റിപ്പോർട്ട് ഫയലിൽ ഇല്ല
d.നികുതികളുടെ റിക്കവറി രജിസ്റ്റർ സൂക്ഷിക്കുന്നില്ല ,വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല
e.റോഡ് പ്രവർത്തികൾക്ക് ചെയ്നേജ് രേഖപ്പെടുത്തുന്നില്ല

f) ഇ-ടെണ്ടർ നടപടികളിലൂടെ നിലവിൽ എൽ എസ് ജി ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ/പഞ്ചായത്ത് ഡയരക്ടറുടെ ബാങ്ക് അക്കൗണ്ടുകളിൽ ക്രഡിറ്റ് ചെയ്ത ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക്

ലഭ്യമാക്കാൻ നടപടിയുണ്ടായിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.12.2019 | 01.11.2019-30.11.2019 | 27.12.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.12.2013 മുതൽ 02.01.2014 വരെ | 2008-09 മുതൽ 2012-13 വരെ | 18.02.2014 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

<u>2018-19 വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ</u>

1. താഴെ വിശദമാക്കിയ അക്കൗണ്ടുകളുടെ, വാർഷിക കണക്ക് പ്രകാരമുള്ള ക്ലോസിങ് ബാലൻസ് തുകകൾ താഴെ സൂചിപ്പിക്കും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ക്രമ നം | അക്കൗണ്ട് | വാർഷിക കണക്ക് പ്രകാരം(40-b) | ബാങ്ക് പാസ്ബുക്ക് പ്രകാരം |
|---|---|---|---|
| 1. | SBI (67382485254)ഏലംകുളം | 487852 | 474110.25 |
| 2. | SBT- PD A/C | 3493 | ലഭ്യമല്ല |
| 3. | SBI ഏലംകുളം- ലൈഫ് മിഷൻ | 1267024 | ലഭ്യമല്ല |
| 4. | SBI- sports council | 14548 | ലഭ്യമല്ല |

2.തൊഴിൽ നികുതി റജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ്, ബാലൻസ് എന്നിവ വാർഷിക കണക്ക് പ്രകാരമുള്ളവയിൽ നിന്നും താഴെ കാണും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു -

| തൊഴിൽ നികുതി | ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|---|
| | AFS പ്രകാരം | രജിസ്റ്റർ പ്രകാരം | AFS പ്രകാരം | രജിസ്റ്റർ പ്രകാരം | AFS പ്രകാരം | രജിസ്റ്റർ പ്രകാരം |
| Employees | 952030 | 950780 | 950780 | 950780 | 1250 | 0 |
| Traders | 322000 | 158400 | 158400 | 158400 | 163600 | 0 |

3. വസ്തു നികുതി (നോൺ റസിഡൻഷ്യൽ) അരിയർ കലക്ഷൻ

ഡിമാൻറ് -111770 (22,050+89,720)

കലക്ഷൻ - 89558

ബാലൻസ് - 22212

എന്നാൽ ബാലൻസ് ഷീറ്റ്(B-15) പ്രകാരം ബാലൻസ് തുക 59850 ആണ്.

4. വസ്തു നികുതി (നോൺ റസിഡൻഷ്യൽ) കറന്റ് കലക്ഷൻ

ഡിമാൻറ് -1199231

കലക്ഷൻ - 1153949

ബാലൻസ് - 45282 ആണ്.

എന്നാൽ ബാലൻസ് ഷീറ്റ്(B-15) പ്രകാരം ബാലൻസ് തുക 21816 ആണ്.

5. തൊഴിലുറപ്പ് പദ്ധതിയിൽ EFMS പ്രകാരം നൽകിയ തുക, 13069463 രൂപ Income and expenditure ൽ(I-6/ I-14a) ഉൾപ്പെടുത്തിയിട്ടില്ല. ആയതിന്റെ അഡ്മിനിസ്ട്രേറ്റീവ് ചെലവ് 4,19,477 രൂപ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

6. Income and expenditure (I-18) പ്രകാരമുള്ള prior period items ന്റെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

7. ഡെപ്പോസിറ്റ് രജിസ്റ്റർ സംഗ്രഹം എഴുതി തയ്യാറാക്കിയിട്ടില്ല. ആയതിനാൽ, ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ട കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ സംബന്ധിച്ച വിവരം ലഭ്യമല്ല.

8. സ്ഥാപനത്തിന്റെ ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കാത്തതിനാൽ ബാലൻസ് ഷീറ്റ് B-11ൻെറ കൃത്യത പരിശോധിക്കാനായിട്ടില്ല.

9. B-18 ഷെഡ്യൂളിലെ other Advance ആയി 3,93,767രൂപയും, advance to implimenting officer ൽ 57,650 രൂപയും ഉണ്ട്. ആയതിന് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

10. ബാലൻസ് ഷീറ്റ് (B-9) പ്രകാരമുള്ള Liability in respect of stale cheque തുക 115555 അണ്. ആയതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

11. തൻവർഷ ഡിപ്രിസിയേഷൻ ഇനങ്ങൾക്ക്(I-17(a)) കാൽകുലേഷൻ ഷീറ്റ് തയ്യാറാക്കിയിട്ടില്ല.

12. മുൻവർഷ താരതമ്യ തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

13. മുൻ വാർഷിക കണക്കിലെ (2017-18) അപാകതകൾ പരിഹരിച്ചിട്ടില്ല.

## 1-12 മരാമത്ത് പ്രവൃത്തിയുടെ ബില്ലിൽ നിന്നും GST ഈടാക്കാത്തത്-സംബന്ധിച്ച്

Central Board of Indirect Taxes and Customs Notification No.50/2018 തി.13.9.2018 പ്രകാരം 1.10.18 മുതൽ നൽകുന്ന പേയ്മെന്റ്ബില്ലിൽ നിന്നും GST 2% ഈടാക്കേണ്ടതുണ്ട്.എന്നാൽ താഴെപ്പറയുന്ന പ്രവൃത്തിയിൽ നിന്നും GST ഈടാക്കാതെയാണ് കരാറുകാരന് തുക നൽകിയിട്ടുള്ളത്.

(1)പ്രവൃത്തി- പഞ്ചായത്ത് ഓഫീസ് കെട്ടിടം പുനരുദ്ധാരണം

കരാറുകാരൻ- മുഹമ്മദ് മുസ്തഫ.കെ അടങ്കൽ -800000

കരാർ നം -74/17-18/13.3.18 ആകെ മൂല്യനിർണ്ണയം-796183

IT - 1% 7806 (1% of 780571)

kcwwf 1% 7806( ,, )

-----------------------

കരാറുകാരന് നൽകിയത് - 780571

ഈടാക്കേണ്ട നികുതി -15611

ബിൽ നം./തിയ്യതി -72/26.3.19

GST ഈടാക്കത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ് എന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നം 4/11.2.2020 ന് പ്രവൃത്തി 22/09/2018 ന് പൂർത്തീകരിച്ചതിനാലാണ് GST ഈടാക്കാതിരുന്നത് എന്ന മറുപടിയാണ് ലഭ്യമാക്കിയത് .മറുപടി അംഗീകരിക്കാവുന്നതല്ല.ഈടാക്കാൻ വിട്ടുപോയ GST ഈടാക്കി അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 MGNRES-മെറ്റീരിയൽ പർച്ചേസ് -അപാകതകൾ

പഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ മെറ്റീരിയൽ വർക്ക് നടത്തുന്നതിന്ന് ടെൻണ്ടർ മുഖേന പർച്ചേസ് നടത്തി തുക നൽകിയത് സംബന്ധിച്ച് രേഖകൾ പരിശോധിച്ചു. താഴെപ്പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

കോൺട്രാക്ടർ – ,ശ്രീ.സാവാദ് ഇ.കെ കോൺട്രാക്ടർ (എസ്റ്റിമേറ്റ് നിരക്ക് )

| ഇ.പ്രവർത്തി /കോൺട്രാക്ടർ | തുക |
|---|---|
| 1.ചങ്ങണമ്പറ്റ് റോഡ് കോൺക്രീറ്റ് -ശ്രീ.സവാദ്(എം ബുക്ക് -42/18-19 ) | 128330 |
| 2.ചാഴിയാട്ടിൽ റോഡ് -ശ്രീ.സവാദ് (എം ബുക്ക് -43/18-19 ) | 149800 |
| 3.നീറ്റിൽ അംഗനവാടി റോഡ് -ശ്രീ.സവാദ് (എം ബുക്ക് -41/18-19) | 122260 |
| ആകെ | 400390 |

(ബിൽ തീയ്യതി -12.3.2019 )

അപാകതകൾ

1.മേൽ തുകകളുടെ ജി.എസ്.റ്റി യോടുകൂടിയ ഇൻവോയ്സ് ബില്ലുകൾഹാജരാക്കാതെയാണ് തുക നൽകിയിട്ടുള്ളത്.

2. മേൽ തുക നൽകിയപ്പോൾ പഞ്ചായത്ത് GST തുക (400390 x2% = 8006/- )ബന്ധപ്പെട്ട വകുപ്പിലേക്ക് അടവാക്കിയതിൻറ രേഖകൾ ഹാജരാക്കിയിട്ടില്ല(ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 2/18-19/7.2.19 )ബില്ലുകൾ ഹാജരാക്കുന്നത് വരെ തുക തടസ്സപ്പെടുത്തുന്നു.

# 1-14 സ്വകാര്യ കമ്പനിയ്ക്ക് OFC കേബിൾ അനുമതി നൽകൽ -റസ്റ്റേറേഷൻ ചാർജ്ജ് കുറവായി ഈടാക്കി

പഞ്ചായത്ത് റോഡുകളിൽ കേബിൾ ,ഒപ്റ്റിക്ക് ഫൈബർ എന്നിവ സ്ഥാപിക്കുന്നതിലേക്കായി അനുമതി നൽകുന്നതിന്ന് റെസ്റ്റോറേഷൻ ഫീ ഈടാക്കുന്നത് സംബന്ധിച്ച് കേരള പൊതുമരാമത്ത് ചീഫ് എഞ്ചിനീയറുടെ 22.05.2018 ലെ CE/R&B/GL-RC/1/2018 നമ്പർ സർക്കുലർ പ്രകാരം, വിവിധ തരത്തിലുള്ള റോഡുകളുടെ റോഡ് കട്ടിംഗ് റിസ്റ്റോറേഷൻ ചാർജ് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. റിസ്റ്റോറേഷൻ വിഡ്ത്ത് , ട്രഞ്ച് വിഡ്ത്തിന്റെ 1.50 ഇരട്ടിയായി കണക്കാക്കണമെന്നും, BT സർഫസ് ഉള്ള റോഡുകളുടെ കാര്യത്തിൽ കുറഞ്ഞ റിസ്റ്റോറേഷൻ വീതി ഒരു മീറ്റർ ആയി കണക്കാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

റിലയൻസ് ജിയോ, ഏലംകുളം ഗ്രാമപഞ്ചായത്തിലെ ചെറുകര ബൈപ്പാസ് പാറക്കൽ ചോല റോഡിൽ ( 1.1Km) ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതിന് 0.45 മീറ്റർ വീതിയിലും 1.65 മീറ്റർ ആഴത്തിലും ട്രഞ്ച് കീറുന്നതിനായി അനുമതിക്കായി 08.5.2018 ന് ഗ്രാമപഞ്ചായത്തിൽ അപേക്ഷ ( ഇൻവാർഡ് നമ്പർ. ബി-2/1736/ 17) സമർപ്പിക്കുകയും , അപേക്ഷ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി അസി.എഞ്ചിനീയർക്ക് കൈമാറുകയും ചെയ്തു. അസി.എഞ്ചിനീയർ താഴെ പറയുന്ന പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിട്ടുള്ളത്.

| | | |
|---|---|---|
| 1 | (1)ചെറുകര ബൈപ്പാസ് പാറക്കൽ ചോല റോഡ്<br>കോൺക്രീറ്റ് റോഡ് കട്ട് ചെയ്യുന്നതിന് - 100m X 0.40m = 40m2<br>(Say 60 @ 6252.24/m2), | 250089.00 |
| 2 | Berm കട്ട് ചെയ്യുന്നതിന് - 1000m X 0.50m = 500<br>(Say 500 @ 329.87/m2) | 164935 |
| | ആകെ | 415024 |
| 4 | സൂപ്പർ വിഷൻ ചാർജ്ജ് @2.50% | ഇല്ല |
| | ആകെ | 415024 |

പഞ്ചായത്ത് ഭരണ സമിതിയുടെ 16.2.2019ലെ (3/1)തീരുമാനത്തിൻറ അടിസ്ഥാനത്തിൽ 415024 /- രൂപ (സൂപ്പർ വിഷൻ ചാർജ്ജ് ഒഴികെ) 1.3.2019ന് രശീതി നമ്പർ.118030400004 പ്രകാരം ഗ്രാമപഞ്ചായത്തിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങൾ (റിസ്റ്റോറേഷൻ വിഡ്ത്ത്, ട്രഞ്ച് വിഡ്ത്തിന്റെ 1.50 ഇരട്ടിയായി കണക്കാക്കണമെന്നും, BT സർഫസ് ഉള്ള റോഡുകളുടെ കാര്യത്തിൽ കുറഞ്ഞ റിസ്റ്റോറേഷൻ വീതി ഒരു

മീറ്റർ ആയി കണക്കാക്കണമെന്നുമുള്ള നിർദ്ദേശം) പാലിക്കാതെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിലൂടെ ഗ്രാമപഞ്ചായത്തിന് താഴെ പറയുന്ന പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 1 | (1) ചെറുകര ബൈപ്പാസ് പാറക്കൽ ചോലറോഡ് കോൺക്രീറ്റ് റോഡ് കട്ട് ചെയ്യുന്നതിന് - 100m X 0.675m = 67.5<br>(Say 60 @ 6252.24/m2), | 422026 |
| 2 | Berm കട്ട് ചെയ്യുന്നതിന് - 1000m X .675m = 675<br>(Say 675 @ 329.87/m2) | 222662 |
| | ആകെ | 644688 |
| 4 | സൂപ്പർ വിഷൻ ചാർജ്ജ് @2.50% | ഇല്ല |
| | ആകെ | 644688 |

ഈടാക്കിയതിൽ കുറവ് (644688 –415024 ) = 229664 രൂപ.

പഞ്ചായത്ത് ഫണ്ടിന് 229664/-രൂപയുടെ നഷ്ടം പഞ്ചായത്തിനുണ്ടായിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു. പഞ്ചായത്ത് തനത് ഫണ്ട് വരുമാനത്തിന് ഇത്തരത്തിൽ നഷ്ടം സംഭവിക്കാതിരിക്കാൻ ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥർക്ക് ഭരണസമിതി നിർദ്ദേശം നൽകേണ്ടതാണ് .(ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 1/18-19/12.2.19 )

# 1-15 2014 ലെ പേ റിവിഷൻ കുടിശ്ശിക-15% പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടില്ല

2018-19 ൽ പഞ്ചായത്ത് സ്ഥിരം ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള 2014 ലെ പേ റിവിഷൻ കുടിശ്ശിക(3,4 ഇൻസ്റ്റാൾമെൻറ് ) തുകയുടെ 15% പെൻഷൻ കോൺട്രിബ്യൂഷൻ ആയി പെൻഷൻ ഫണ്ടിൽ അടവാക്കിയിട്ടില്ല വിശദ വിവരം ചുവടെ ചേർക്കുന്നു. തുക യുടെ അടവ് വിവരം ലഭ്യമാക്കിയിട്ടില്ല

| വൌച്ചർ നമ്പർ | തുക |
|---|---|
| വൌച്ചർ നം -21800090/15.4.2018 | 14680 |
| വൌച്ചർ നം -21800089/15.4.2018 | 20407 |
| വൌച്ചർ നം -21800103/15.4.2018 | 43019 |
| വൌച്ചർ നം -21800104/15.4.2018 | 98085 |
| വൌച്ചർ നം -21800105/15.4.2018 | 25298 |
| വൌച്ചർ നം -21800106/15.4.2018 | 21630 |
| വൌച്ചർ നം -21800447/12.10.2018 | 130737 |

ഇതു സംബന്ധിച്ച് തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് (എൻക്വയറി നമ്പർ 3/18-19/7.2.19)

# 1-16 പദ്ധതി നിർവ്വഹണം -39 ലക്ഷം രൂപ ലാപ്സാക്കി

2018-19 ൽ സർക്കാർ വിവിധ ഇനങ്ങളിലായി പഞ്ചായത്തിന് അനുവദിച്ചിട്ടുള്ള പദ്ധതി വിഹിതങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു

| ഫണ്ടിനം | വരവ് | ചെലവ് | ബാക്കി |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 14285000 | 12629911 | 1655089 |
| വികസനഫണ്ട് എസ്.സി.പി. | 8785000 | 8782737 | 2263 |
| വികസനഫണ്ട് -സി.എഫ്.സി ഗ്രാന്റ് | 6629000 | 5251916 | 1377084 |
| | | | |

| | | | |
|---|---|---|---|
| സംരക്ഷണഗ്രാന്റ് റോഡ് | 5405000 | 5398139 | 6861 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2953000 | 2038994 | 914006 |
| ആകെ | 38057000 | 34101697 | 3955303 |

ഗ്രാമ പഞ്ചായത്തിന് പ്ലാൻഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിൽ ആകെ ലഭിച്ച 3.80 കോടി രൂപയിൽ 39 ലക്ഷം രൂപ, സമയബന്ധിതമായി പ്രൊജക്ടുകൾ നടപ്പാക്കാത്തതിനാൽ ലാപ്സാവുകയുണ്ടായി. ഗ്രാമ പഞ്ചായത്തിന്റെ വികസനത്തിനും, പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനും വേണ്ടി ഉപയോഗപ്പെടുത്താമായിരുന്ന തുകയാണ് പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമത ഇല്ലായ്മയും വേഗക്കുറവും കാരണം നഷ്ടപ്പെടാനിടയായത്.

ഓഡിറ്റ് കാലയളവിൽ ഗ്രാമ പഞ്ചായത്തിന് സർക്കാർ ധനസഹായമായി ബഡ്ജറ്റിൽ നിർദ്ദേശിച്ച പ്രകാരം ആകെ 38057,000 രൂപ വരവുണ്ടായിരുന്നു. എന്നാൽ ഇതിൽ 34101697 രൂപയുടെ പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയത്.

ഓഡിറ്റ് വർഷത്തെ പ്രൊജക്ടുകൾ 2018 ഫെബ്രുവരി മാസത്തിൽ തന്നെ തയ്യാറാക്കി അംഗീകാരം വാങ്ങിക്കുകയും സാമ്പത്തിക വർഷാരംഭത്തിൽ തന്നെ പദ്ധതി നിർവ്വഹണം ആരംഭിച്ചതുമാണ്. എന്നിട്ടും പദ്ധതികൾ പലതും പൂർത്തീകരിക്കാൻ കഴിയാതിരുന്നത് ഗുരുതരമായ വീഴ്ചയാണ്. പദ്ധതി നിർവ്വഹണത്തിൽ സ്റ്റാന്റിങ് കമ്മിറ്റികളും വർക്കിങ് ഗ്രൂപ്പുകളുമൊന്നും മേൽ നോട്ടം വഹിക്കുകയോ, ഫലപ്രദമായി ഇടപെടുകയോ ചെയ്യുന്നില്ല എന്നും ഇതിൽ നിന്ന് വ്യക്തമാണ്. ഗ്രാമ സഭകളിൽ നിന്ന് ഉയർന്ന് വരുന്നതാണ് ഓരോ പദ്ധതികളും എന്നതിനാൽ രൂപീകരിച്ച പദ്ധതികൾ നടപ്പിലാക്കാതിരിക്കുന്നത് ജനങ്ങൾക്ക് നൽകിയ വാഗ്ദാനം ലംഘിക്കുന്നതിന് തുല്യമാണ്. ഇത് ജനങ്ങളെ ഗ്രാമ സഭകളിൽ നിന്നും, ഗ്രാമ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാവുന്നതിൽ നിന്ന് പിന്നോട്ട് നിൽക്കുന്നതിനും കാരണമാകുന്നതാണ്. മുൻ വർഷവും ഇത്തരത്തിൽ ഒരു കോടിയിലധികം രൂപ ലാപ്സായി എന്നത് ഗ്രാമ പഞ്ചായത്ത് ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധപതിപ്പിക്കുന്നില്ല എന്നതിന് തെളിവാണ്.

ജനങ്ങളുടെ സഹകരണത്തോടെ ഗ്രാമ സഭകളും വർക്കിങ് ഗ്രൂപ്പുകളുമൊക്കെ ഫലപ്രദമായി ഉപയോഗപ്പെടുത്തി ലഭ്യമായ ഫണ്ടുകൾ മുഴുവൻ വികസന പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. ഭരണ സമിതിയും ജീവനക്കാരും ഒത്തൊരുമിച്ച് പ്രവൃത്തിച്ച് പദ്ധതി പണം മുഴുവൻ ചെലവഴിക്കാൻ ഊർജ്ജിത ശ്രമം നടത്തേണ്ടതും വരും വർഷങ്ങളിൽ ഇത്തരത്തിൽ പണം ലാപ്സാവുന്നത് ഒഴിവാക്കാൻ ശ്രമിക്കേണ്ടതുമാണ്.

## 1-17 ടെണ്ടർ അപാകത- 38402 രൂപ നഷ്ടം

ICDS സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായ " അംഗനവാടികളിലേക്ക് അലമാരകളും കുട്ടികളുടെ തൂക്കം നോക്കുന്ന മെഷീനും വാങ്ങൽ " എന്ന പദ്ധതി(25/2018-19) പ്രകാരം അംഗനവാടികളിലേക്ക് അലമാരകൾ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചതു പ്രകാരം ലഭ്യമായ 5 ടെണ്ടറുകളിൽ, EMD അടവാക്കിയില്ല എന്ന കാരണം കാണിച്ച് FIDCO Enterprises സമർപ്പിച്ച ടെണ്ടർ നിരസിക്കുകയും അതിനേക്കാൾ ഉയർന്ന നിരക്ക് രേഖപ്പെടുത്തിയ സിത്താര ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. സ്റ്റോർ പർച്ചേഴ്സ് ഡിപ്പാർട്ട്മെന്റ് രജിസ്ട്രേഷനുള്ള FIDCO Enterprises , EMD അടവാക്കുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ട സ്ഥാപനമാണ്. ഇക്കാര്യം FIDCO സമർപ്പിച്ച ടെണ്ടറിൽ പ്രത്യേകം പരാമർശിച്ചിട്ടുമുണ്ട്. FIDCO Enterprises സമർപ്പിച്ച ടെണ്ടർ നിരസിക്കുകയും അതിനേക്കാൾ ഉയർന്ന നിരക്ക് രേഖപ്പെടുത്തിയ സിത്താര ഇൻഡസ്ട്രീസ്, ആലുക്കൂട്ടം എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും വഴി 38402 രൂപയുടെ നഷ്ടം ഈ ഇനത്തിൽ ഗ്രാമ പഞ്ചായത്ത് ഫണ്ടിന് സംഭവിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ

| | സിത്താര ഇൻഡസ്ട്രീസ്<br>_ (ഇൻവോയ്സ് പ്രകാരം) | FIDCO Enterprises<br>(ടെണ്ടർ പ്രാകാരം) |
|---|---|---|
| Specification | Steel cabinet with four fixed shelves 198x90x48 (20G) | Steel cabinet with four fixed shelves 198x90x48 (20G) |
| നിരക്ക് | 8399 | 6922 |
| എണ്ണം | 26 | 26 |

| | | |
|---|---|---|
| അകെ | 218374<br>(ബിൽ നം-12/2018-19 , 11.2.2019) | 179972 |
| വ്യത്യാസം | 38402 | |

അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് ICDS സൂപ്പർവൈസർക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (നം-19/18-19 17.2.2020) ക്ക് ICDS സൂപ്പർവൈസർ നൽകിയ മറുപടിയിൽ പഞ്ചായത്ത് പർചേസ് കമ്മറ്റിയും ഭരണ സമിതിയുടെയും തീരുമാനപ്രകാരമാണ് പർചേസ് ചെയ്തതെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ഇ.എം.ഡി. അടവാക്കിയിട്ടില്ല എന്നാണ് കാരണം രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല. ഈ ഇനത്തിൽ നഷ്ടം സംഭവിച്ച 38402 രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-18 പരിരക്ഷാ വാഹനം HMC ക്ക് കൈമാറാൻ നടപടിയായില്ല.

ഏലംകുളം ഗ്രാമ പഞ്ചായത്തിന്റെ പരിരക്ഷാ ഹോം കെയറിന് , സ്വകാര്യ വ്യക്തിയിൽ നിന്ന് സംഭാവനയായി ലഭിച്ച KL53G 5193 നമ്പറുള്ള ഒമ്നി ആംബുലൻസ് വാഹനം നാളിതു വരെ ഗ്രാമ പഞ്ചായത്തിന്റെ സ്റ്റോക്കിൽ ഉൾപ്പെടുത്തി HMC ക്ക് കൈമാറിയിട്ടില്ല. നിലവിൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ പേരിലുള്ള ഈ വാഹനം പാലിയേറ്റീവ് കെയർ ആവശ്യത്തിന് ഉപയോഗിക്കുന്നുണ്ടെങ്കിലും , വാഹനം വാടകക്ക് ഉപയോഗിക്കുന്ന രീതിയിലാണ് വൗച്ചറുകൾ തയ്യാറാക്കുന്നത്. മുൻ ഓഡിറ്റ് വേളയിൽ സൂചിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ , പ്രസ്തുത വാഹനം HMC ക്ക് കൈമാറുന്നതിന് നടപടികൾ സ്വീകരിക്കാൻ 14.8.2018 ലെ ഭരണ സമിതി തീരുമാനിച്ചിട്ടുണ്ടെങ്കിലും നാളിതു വരെ നടപടികൾ പൂർത്തിയായിട്ടില്ല. അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (നം-20/17.2.2020) ക്ക് മറുപടി നൽകിയിട്ടില്ല. വാഹനം കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 പഞ്ചായത്തിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ -അപാകതകൾ

നിർവ്വഹണം: സെക്രട്ടറി

| | |
|---|---|
| പഞ്ചായത്തിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ (18/19 ) | അടങ്കൽ -250000 (തനത് ഫണ്ട് ) |
| ചെലവ് -244800 | ചെക്ക് നമ്പർ -2455330/1.1.19 |

മേൽ പ്രൊജക്റ്റ് പ്രകാരം പഞ്ചായത്തിലേക്ക് 4 കമ്പ്യൂട്ടർ 3 പ്രിൻറർ എന്നിവ ടെൻണ്ടർ മുഖേന പർച്ചേസ് നടത്തിയിട്ടുണ്ട്

വിശദ വിവരം

| കമ്പ്യൂട്ടർ 4 എണ്ണം | പ്രിൻറർ 3 എണ്ണം |
|---|---|
| സ്പസിഫിക്കേഷൻ -desktop IC 6845K acer -intal core i 5 7th genaration 4 GB -widows 10 @49500/-each TOTAL -4X49500 =198000 | സ്പസിഫിക്കേഷൻ -printer laser jete 6230DN CANON @15600 each TOTAL 3X15600 =46800 |

അപാകതകൾ

1. GO (RT)25/2018/ITD /1.2.2018 ഉത്തവ് പ്രകാരം ഇലക്ട്രോണിക്ക് പർച്ചേസുകൾ CPRCS മുഖേനയായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്.

സ്വകാര്യ ഏജൻസികളിൽ നിന്നും വാങ്ങിയത് ക്രമപ്രകാരമല്ല

2.ടെൻണ്ടർ ഫോം വില സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കിലല്ല (അടങ്കലിൻറ 0.2% )

3.ലഭിച്ച ടെൻണ്ടർ 2 എണ്ണം നിർവ്വഹണോദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.സ്വീകരിച്ച ടെൻണ്ടറിൽ ഓവർ റൈറ്റിങ്ങ് ഉള്ളത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.വില താരതമ്യപ്പട്ടിക തയ്യാറാക്കിയിട്ടില്ല

4.വാങ്ങിയ സാധനങ്ങൾ സ്പസിഫിക്കേഷൻ പ്രകാരമുള്ളതെന്ന് TA സാക്ഷ്യപ്പെടുത്തിയിട്ടില്ല

5.പങ്കെടുത്ത NISDON INFOWAY എന്ന സ്ഥാപനം ടെൻണ്ടറിൽ പ്രിൻററിന് വില രേഖപ്പെടുത്തിയിട്ടില്ല

6.ചെലവ് തുക IKM Statement ൽ ചെലവായി രേഖപ്പെടുത്തിയിട്ടില്ല

7.CPRS ൽ പ്രിൻറർ വില 10872/-രൂപയാണ്. എന്നാൽ സ്വകാര്യ എജൻസിക്ക് 13220/-രൂപ നൽകിയിട്ടുണ്ട്.ആയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. തുക തടസ്സപ്പെടുത്തുന്നു .ഓഡിറ്റ് എൻക്വയറി നമ്പർ 5/18-19/12.2.2020

# 1-20 ക്യാൻസൽഡ് രസീതികൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

താഴെ സൂചിപ്പിക്കുന്ന സാംഖ്യ ക്യാൻസൽഡ് രസീതികൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

| തിയ്യതി | രസീതി നം | തുക |
|---|---|---|
| 16.7.2018 | 118030101498 | 349 |
| 22.2.2019 | 118030105023 | 220 |
| 11.3.2019 | 118030105534 | 398 |
| 18.3.2019 | 118030105892 | 63 |
| 8.5.2019 | 119030100308 | 9495 |
| 2.9.2019 | 119030101560 | 350 |

അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (നം-24/17.2.2020) ക്ക് മറുപടി നൽകിയിട്ടില്ല. ക്യാൻസൽഡ് രസീതികൾ സെക്രട്ടറി അതാത് സമയം സാക്ഷ്യപ്പെടുത്തി പണമിടപാടുകളുടെ സുതാര്യത ഉറപ്പുവരുത്തേണ്ടതാണ്.

# 1-21 ബിൽഡിങ് പെർമ്മിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്തിൽ 2018-19വർഷത്തെ ന്യൂ ബിൽഡിങ് പെർമ്മിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ബിൽഡിങ് പെർമിറ്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതും ഓഡിറ്റിന്ഹാജരാക്കേണ്ടതുമാണ്.

# 1-22 രസീതി -പണം പിരിവ് അപാകതകൾ

1. അസി.എഞ്ചിനീയർക്ക് ഇഷ്യൂ ചെയ്ത 168960 നമ്പർ രസീതി ബുക്കിലെ 3 മുതൽ 14 വരെയുള്ള രസീതികൾ ഡബിൾ സൈഡ് കാർബൺ ഉപയോഗിക്കാതെയാണ് എഴുതിയിരിക്കുന്നത്.

2. ഇതേ ബുക്കിലെ 1,2 രസീതികളുടെ പകർപ്പ് നൽകേണ്ടതിന് പകരം അസ്സൽ രസീതിയാണ് കോൺട്രാക്ടർക്ക് നൽകിയിരിക്കുന്നത്.

3. ഇതേ ബുക്കിലെ 15 മുതൽ 22 വരെയുള്ള രസീതികൾ ക്യാൻസൽചെയ്തിട്ടുണ്ടെങ്കിലും അവയുടെ പകർപ്പ് രസീതി ബുക്കിൽ ഇല്ല. പ്രസ്തുത രസീതികളിലെ ആകെ തുക 13220 രൂപ വരവായി കളക്ഷൻ രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. ക്യാൻസൽ ചെയ്ത രസീതികൾക്ക് പകരം മറ്റു രസീതി നൽകിയിട്ടില്ല.

അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (നം-22/17.2.2020) ക്ക് മറുപടി നൽകിയിട്ടില്ല. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-23 മരുന്ന് ലഭ്യമാക്കിയിട്ടില്ല.

എ). മെഡിക്കൽ ഓഫീസർ, (PHC) നിർവ്വഹണ ഉദ്യോഗസ്ഥനായ " പരിരക്ഷ ഹോംകെയർ " എന്ന പദ്ധതി (28/2018-19) പ്രകാരം പരിരക്ഷ രോഗികൾക്കുള്ള മരുന്ന് വാങ്ങുന്നതിന് വികസന ഫണ്ടിൽ നിന്ന് 1,35,000 രൂപ (ബിൽ നം- 9/24.9.2018)പിൻവലിച്ച് കെ.എം.എസ്.സി.എൽ തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ 100332 രൂപയുടെ മരുന്ന് മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. 34668 രൂപയുടെ

മരുന്ന് ഇനിയും ലഭ്യമാക്കാനുണ്ട് . മരുന്ന് ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കാൻ ആവശ്യപ്പെട്ട് മെഡിക്കൽ ഓഫീസർക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (നം-25/ 17.2.2020) ക്ക് മറുപടി നൽകിയിട്ടില്ല. അവശേഷിക്കുന്ന 34668 രൂപയുടെ മരുന്ന് ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മരുന്ന് ലഭ്യമാക്കുന്നത് വരെ ചെലവു തുക 34668 രൂപ തടസ്സം ചെയ്യുന്നു.

ബി). മെഡിക്കൽ ഓഫീസർ, (PHC) നിർവ്വഹണ ഉദ്യോഗസ്ഥനായ " പി.എച്ചി.സിക്ക് മരുന്ന് വാങ്ങൽ " എന്ന പദ്ധതി(32/2018-19) പ്രകാരം മരുന്ന് വാങ്ങുന്നതിന് മെയിന്റനൻസ് ഫണ്ടിൽ നിന്ന് 150,000 രൂപ(ബിൽ നം-10/24.9.2018)പിൻവലിച്ച് കെ.എം.എസ്.സി.എൽ തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ 105109 രൂപയുടെ മരുന്ന് മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. 44891 രൂപയുടെ മരുന്ന് ഇനിയും ലഭ്യമാക്കാനുണ്ട് .മരുന്ന് ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കാൻ ആവശ്യപ്പെട്ട് മെഡിക്കൽ ഓഫീസർക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (നം-25/ 17.2.2020) ക്ക് മറുപടി നൽകിയിട്ടില്ല. അവശേഷിക്കുന്ന 44891 രൂപയുടെ മരുന്ന് ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മരുന്ന് ലഭ്യമാക്കുന്നത് വരെ ചെലവു തുക 44891 രൂപ തടസ്സം ചെയ്യുന്നു.

## 1-24 ടെൻണ്ടർ ഫോം വില കുറവായി ഈടാക്കി

2018-19 ൽ വിവിധ പ്രൊജക്ടുകൾ ടെൻണ്ടർ നടത്തിയതിൻറ വിവരം ചുവടെ ചേർക്കുന്നു
(ടെൻണ്ടർ തീയ്യതി 20.8.2018 )

| പ്രൊജക്ട് /പേര്/ നിർവ്വഹണോദ്യഗസ്ഥൻ | അടങ്കൽ | പങ്കെടുത്ത വർ | ടെൻണ്ടർ ഫോറം വില | | |
|---|---|---|---|---|---|
| | | | ഈടാക്കിയത് | ഈടാക്കേണ്ടത് | കുറവ് |
| (1)8/19 കട്ടിൽ വിരതണം(പട്ടിക ജാതി )(അസി.സെക്രട്ടറി ) | 217500 | 6 | 200+12%GST | 500+12%GST | 300+12%GST x6=1800+12%GST |
| (2)5/19 ലാപ്പ്ടോപ്പ് വിതരണം(എസ്.സി) (അസി.സെക്രട്ടറി ) | 480000 | 3 | 200+12%GST | 960+12%GST | 760+12%GST x3=2280+12%GST |
| (3)9/19 പി.വി.സി ടാങ്ക് വിതരണം (എസ്.സി)-(അസി.സെക്രട്ടറി ) | 300000 | 3 | 200+12%GST | 600+12%GST | 400+12%GST x2 =800+12%GST |
| (4)13/19 വയോജനങ്ങൾക്ക് കട്ടിൽ (ജന)( )എെ.സി.ഡി.എസ് ) | 4350000 | 6 | 200+12%GST | 870+12%GST | 670+12%GST x6=4020+12%GST |
| (5)18/19-പഞ്ചായത്തിലേക്ക് കമ്പ്യൂട്ടർ (സെക്രട്ടറി ) | 250000 | 2 | 200+12%GST | 500+12%GST | 300+12%GST X2=600+12%GST |
| (8)25/19 -അംഗനവാടികൾക്ക് അലമാര (എെ.സി.ഡി.എസ് ) | 300000 | 5 | 200+12%GST | 600+12%GST | 400+12%GST x5=2000+12%GST |
| (9)101/19-സ്കൂളുകൾക്ക് പാത്രം | 100000 | 4 | 200+12%GST | 500+12%GST | 300+12%GST x4=1200+12%GST |

| | | | | | |
|---|---|---|---|---|---|
| എച്ച്.എം ) | | | | | |
| (10)127/19 -ഭിന്നശേഷിക്ക് ലാപ്പ് ടോപ്പ് (എെ.സി.ഡി.എസ് ) | 100000 | 2 | 200+12%GST | 500+12%GST | 300+12%GST x2=600+12%GST |
| (11)193/19 -ബയോഗ്യാസ് (വി.ഈ.ഒ ) | 126000 | 2 | 200+12%GST | 500+12%GST | 300+12%GST x2=600+12%GST |
| | | | | ആകെ | 13900+12%GST |

ഫോറം വില സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം എസ്റ്റിമേറ്റിൻറ 0.2% (കുറഞ്ഞത് 500/-രൂപ )വും,GO(P) 429/15/28.9.15 പ്രകാരവും 0.2% വും 12% GST യും ആണ് എന്നാൽ ആയതിൽ കുറവായിട്ടാണ് തുക ഈടാക്കിയിട്ടുള്ളത് .പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ട് -

ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിക്ക് (നം-/10/18-19/14.2.20 )സമർപ്പിച്ച മറുപടിയിൽ GO(P) 259/2010/LSGD/8.11.2010 അടിസ്ഥാനത്തിലാണ് മേൽ പ്രകാരമുള്ള നിരക്ക് ഈടാക്കിയതെന്ന് മറുപടി നൽകിയത് അംഗീകരിക്കുന്നില്ല.2013 ലെ GO(P) 3/2013/SPD/21.6.2013 പുതുക്കിയ സ്റ്റോർ മാന്വൽ പഞ്ചായത്തുകൾക്ക് ബാധകമാക്കിയിട്ടുള്ളതാണ് .ആയതിലെ നിരക്ക് പ്രകാരം വില ഈടാക്കാത്തതിനാൽ നഷ്ടം സംഭവിച്ചിട്ടുള്ള തുക ഇൗടാക്കേണ്ടതാണ് .

## 1-25 പൊതു ടാപ്പുകൾ -സംയുക്ത പരിശോധന നടത്തണം

പഞ്ചായത്തിൽ 16 വാർഡുകളിലായി 54 പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജ് ഇനത്തിൽ പ്രതിമാസം 23648 /-രൂപ വീതം (5255x54/12)അടവാക്കുന്നുണ്ട്. എന്നാൽ വാർഷിക റിപ്പോർട്ടിലോ ,സ്റ്റാറ്റസ് റിപ്പോർട്ടിലോ മറ്റ് രേഖകളിലോ കുടിവെള്ള പദ്ധതികളുടെ വിവരം ലഭ്യമല്ല . പൊതു ടാപ്പുകളുടെ കൃത്യമായ കണക്ക് ചുവടെ ചേർക്കുന്നു.

| വാർഡ് | പൊതു ടാപ്പിൻറ എണ്ണം |
|---|---|
| 1 | 4 |
| 2 | 6 |
| 3 | 5 |
| 4 | 3 |
| 5 | 2 |
| 6 | 2 |
| 7 | 3 |
| 8 | 2 |
| 9 | 0 |
| 10 | 0 |
| 11 | 0 |
| 12 | 1 |
| 13 | 6 |
| 14 | 6 |
| 15 | 5 |
| | |

| | |
|---|---|
| 16 | 9 |
| ആകെ | 54 |

വാർഷിക പ്രൊജക്ടുകളിൽ വാട്ടർ അതോറിറ്റിയിൽ ഡപ്പോസിറ്റ് പ്രവർത്തിയായി ലൈൻ എക്സ്റ്റൻഷന് തുക വകയിരുത്തി വ്യക്തിഗത കണക്ഷൻ നൽകിവരുന്നുണ്ട് .പൊതു ടാപ്പുകൾ കാലോചിതമായി ഒഴിവാക്കി വ്യക്തിഗത ടാപ്പുകൾക്ക് ഊന്നൽ നൽകണമെന്ന് സർക്കാർ പദ്ധതി മാർഗ്ഗ രേഖയിൽ വ്യക്തമാക്കിയിട്ടുണ്ട് .വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി യഥാർത്ഥ ഡിമാൻറിൻറ അടിസ്ഥാനത്തിൽ വാട്ടർ ചാർജ്ജ് ക്രമീകരിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നമ്പർ 11/18-19/13.2.2020 )

# 1-26 ഡെപ്പോസിറ്റ് -വിനിയോഗ വിവരം ലഭ്യമാക്കണം

താഴെപ്പറയുന്ന ഡപ്പോസിറ്റ് വർക്കുകളുടെ വിനിയോഗ വിവരം ലഭ്യമാക്കണം

| പ്രൊജക്ട് /പേര്/നിർവ്വഹണം | അടങ്കൽ | ചെലവ് | ബിൽ നമ്പർ |
|---|---|---|---|
| 3/19 എസ്.എസ്.എ വിഹിതം ജന (സെക്രട്ടറി ) | 700000 | 700000 | 7/18-19/31.6.2018 |
| 23/19 എസ്.എസ്.എ വിഹിതം -എസ്.സി(സെക്രട്ടറി ) | 100000 | 100000 | 8/18-19/31.6.2018 |
| 197/19 അലിഘഡ് കോളേജ് -ബയോ ഗ്യാസ് | 405000 | 81000 | വൗച്ചർ 21800671/5.1.19 |
| 96/19 കുടിവെള്ള പദ്ധതികളുടെ പൈപ്പ് ലൈൻ നീട്ടൽ (KWA ) | 826200 | 826000 | 20/18-1915.12.18-765000<br>27/18-19/29.2.19 -61000 |
| **ആകെ** | | 1707000 | |

ഓഡിറ്റ് എൻക്വയറി നമ്പർ 13/18-19/13.2.2020

# 1-27 അഗതി രഹിത ഗ്രാമം -പ്ളാൻ ഫണ്ട് ചെലവഴിക്കാത്തത് സംബന്ധിച്ച്

അഗതി രഹിത ഗ്രാമം പദ്ധതി അവലോകനം

ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരെ ഗ്രേഡിങ് നടത്തി പുതിയ ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം ആക്ഷൻ പ്ലാൻ തയ്യാറാക്കി അഗതി രഹിത ഗ്രാമം പദ്ധതിക്ക് 13-ാം പദ്ധതിയിൽ വിവിധ ആനുകൂല്യങ്ങൾ നൽകാൻ ഫണ്ട് സമാഹരണം നടത്തിയാണ് നിലവിൽ പദ്ധതി നടപ്പിലാക്കി വരുന്നത് .ആശ്രയ പദ്ധതി ബാങ്ക് അക്കൌണ്ട് പരിശോധിച്ചതിൽ അക്കൌണ്ട് നമ്പർ 40218100108095 (കെ.ജി.ബി ,ഏലംകുളം ബ്രാഞ്ച് )ൽ 31.3.2019 ൽ നീക്കിയിരുപ്പായി 3557366/-രൂപ ഉള്ളതിൻറ വിശദാംശം ലഭ്യമാക്കിയിട്ടില്ല (പ്ലാൻ ഫണ്ടിൻറ പ്രൊജക്ട് വിവരം ലഭ്യമല്ല).നിലവിലുള്ള ആക്ഷൻ പ്ലാൻ പ്രകാരം നടപ്പിലാക്കാൻ ലക്ഷ്യമിട്ട പദ്ധതികൾ ,ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാൻ ഭരണസമിതിയുടെ ഭാഗത്ത് നിന്നും വേണ്ടത്ര പ്രോത്സാഹനം ഉണ്ടായിട്ടില്ല. സി.ഡി.എസ്സിൻറ വിവിധ അക്കൗണ്ടുകളിലെ ഫണ്ട് വിവരം ചുവടെ ചേർക്കുന്നു

| | അക്കൌണ്ട് നം | ഇനം | മുന്നിരിപ്പ് 1.4.18 ന് | 31.3.19 ന്ന് നീക്കിയിരിപ്പ് |
|---|---|---|---|---|
| 1 | 7139 (KGB) | തനത് | 258390 | 897763 |
| | | | | |

| | | | | |
|---|---|---|---|---|
| 2 | 8095(KGB) | ആശ്രയ | 3418789 | 3557366 (പ്ലാൻഉൾപ്പെടുന്നുണ്ട് ) |
| 3 | 78042 (കനാറ ) | സ്നേഹനിധി | 874 | 22009 |
| 4 | 90314(കനാറ ) | ആശ്രയ-2 | 409017 | 24100 |
| 5 | 00042 (MDC) | CIF | 45902 | 147569 |
| 6 | 26892(KGB) | MDC | 52993 | 47747 |
| 7 | 26883 KGB) | ഭവന ശ്രീ | 5620 | 874 |
| 8 | 33412(KGB) | MKSP | 414184 | 222590 |
| | ആകെ | | 4605769 | 4923384 |
| 9 | 52897 (KGB) | 25.7.2019 ന് തുടങ്ങിയത് ി | (new A/C) | 3525799/രൂപ<br>(ആശ്രയ അക്കൌണ്ട് നമ്പർ 8095 ലെ തുക "അഗതി രഹിത കേരളം " പദ്ധതിയിലേക്ക് മാറ്റിയതായി പറയുന്നു.എന്നാൽ തുക പുതിയ അക്കൌണ്ടിൽ (നം-52897 (KGB) നിലനിൽക്കുന്നുണ്ട്.) |

അഗതിരഹിത ഗ്രാമം പദ്ധതിയിൽ നിലവിൽ 81 ഗുണഭോക്താക്കൾ (1 ആൾ മരണപ്പെട്ടു ) ഉണ്ട് ഭക്ഷ്യധാന്യകിറ്റ് വിതരണം മാത്രമേ നിലവിൽ നിർവ്വഹണം നടത്തിയിട്ടുള്ളൂ.അക്കൗണ്ടിൽ ചെലവഴിക്കാത്ത പ്ലാൻ ഫണ്ട് അടക്കമുള്ള വലിയ തുകയുള്ളപ്പോൾ ആക്ഷൻ പ്ലാൻ വിഭാവനം ചെയ്ത വീട് നിർമ്മാണം ,സ്ഥലം വാങ്ങൽ ,വീട് പുനരുദ്ധാരണം മരുന്ന് വിതരണം എന്നീ ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിന്ന് പഞ്ചായത്തിൻറ ഭാഗത്ത് നിന്നും നടപടിയുണ്ടായിട്ടില്ല.മോണിട്ടറിങ് കാര്യക്ഷമമാക്കി യഥാസമയം ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ നടപടിയുണ്ടാവേണ്ടതാണ്.അല്ലാത്ത പക്ഷം പ്ലാൻഫണ്ട് തുക പലിശസഹിതം കൺസോളിഡേറ്റ് ഫണ്ടിലേക്ക് അടവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-28 പിരിച്ചെടുത്ത ലൈബ്രറി സെസ്സ് സമയബന്ധിതമായി അടവാക്കുന്നില്ല

സർക്കുലർ നം.10088/എൽ3/05/തസ്വഭവ.തീ.20.09.2005 പ്രകാരം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒരു വർഷം ലൈബ്രറി സെസ്സ് ഇനത്തിൽ പിരിക്കുന്ന തുക രണ്ടു ഗഡുക്കളായി ലൈബ്രറി കൗൺസിലിന് അടയ്ക്കണം. ആദ്യ ഗഡു ഏപ്രിൽ 30നകവും രണ്ടാമത്തെ ഗഡു നവംബർ 30നകവും അടക്കേണ്ടതാണ്.ഇതിൽ വീഴ്ച വരുത്തിയാൽ അത് തദ്ദേശ ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്.

പഞ്ചായത്ത് 2017-18ലെ വസ്തുനികുതിയോടൊപ്പം പിരിച്ചെടുത്ത ലൈബ്രറിസെസ് (ഒന്നാം ഗഡു,രണ്ടാം ഗഡു ) എന്നിവ 19-12-2018 ലെ വൗച്ചർ നമ്പർ 21800632 പ്രകാരം മാത്രമാണ് ലൈബ്രറി കൗൺസിലിൽ അടവാക്കിയത്. ആയതിൻെറ രശീതി പരിശോധനക്ക് ലഭ്യമായിട്ടുമില്ല.സർക്കാർ നിർദ്ദേശം കർശനമായി പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.(എൻക്വയറി 15/18-19/14.2.20)

## 1-29 E-TENDER- ടെൻണ്ടർ ഫീ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം

2018-19 ൽ ഇ-ടെൻണ്ടർ നടത്തിയ താഴെപ്പറയുന്ന പ്രൊജക്ടുകളുടെ ടെൻണ്ടർ ഫീ ജില്ലാ പഞ്ചായത്ത് എൻജിനിയറുടെ അക്കൌണ്ടിൽ നിന്നും പഞ്ചായത്ത് അക്കൌണ്ടിലേക്ക് ട്രൻസ്ഫർ ചെയ്യുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് (എൻക്വയറി 16/18-19/14.2.20)

| പ്രൊജക്ട്/പേര് | അടങ്കൽ | പങ്കെടുത്തവർ |
|---|---|---|
| 86/19 ഖരമാലിന്യ സംസ്കരണ പ്ലാൻറ് | 600000 | 2 |
| 110/19 പെരുമ്പറമ്പ് അംഗനവാടി | 900000 | 2 |
| 105/19 എ.എൽ.പി സ്കൂൾ അംഗനവാടി | 900000 | 2 |

# 1-30 KWA ഡെപ്പോസിറ്റ് വർക്ക് -എസ്റ്റിമേറ്റിൽ അധികരിച്ച് തുക നൽകി

നിർവ്വഹണം -സെക്രട്ടറി

| | |
|---|---|
| പ്രൊജക്ട് നം -96/19 പൈപ്പ് ലൈൻ നീട്ടൽ (ഡെപ്പോസിറ്റ് വർക്ക്- KWA ) | അടങ്കൽ -826200 (സി.എഫ്.സി ഗ്രാൻറ് ) |
| ചെലവ് -826000/-രൂപ | ബിൽ നം-20/18-19/11.2.19 -765000/-രൂപ<br>ബിൽ നം -27/18-19/29.2.19 -61000/-രൂപ |

അപാകതകൾ

1.KWA യുമായി എഗ്രിമെൻറ് വച്ചിട്ടില്ല.

2.KWA യുടെ DB2/GPT/3879/18/6.12.18പ്രകാരമുള്ള എസ്റ്റിമേറ്റിൽ 750000/-രൂപ മാത്രമാണ് .76000/-രൂപ അധികം നൽകിയത് എസ്റ്റിമേറ്റ് ഇല്ലാതെയാണ്.

3.മോണിട്ടറിങ് റിപ്പോർട്ട് ഇല്ല

4.വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

76000/-രൂപ നിർവ്വഹണോദ്യോഗസ്ഥൻറ നഷ്ടോത്തരവാദിത്വമായി കണക്കാക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ അറിയിക്കേണ്ടതാണ്എന്ന് കാണിച്ച് നൽകിയ എൻകചയറിക്ക് (നം-17/18-19/14.2.2020 )മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-31 പത്രപ്പരസ്യം നൽകൽ -സർക്കാർ ഉത്തരവ് പ്രകാരമുള്ള ഡിസ്കൗണ്ട് ലഭ്യമാക്കിയിട്ടില്ല

ജി.ഒ (ആർ.ടി) 01/11ഐ & പി.ആർ.ഡി തീ.04.01.2011, ജി.ഒ (ആർ.ടി)288/14/ഐ & പി.ആർ.ഡി തീ.10.09.2014 -എന്നീ ഉത്തരവുകൾ പ്രകാരം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയോ, നേരിട്ടോ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശഭരണസ്ഥാപനങ്ങൾ എന്നിവർ വർത്തമാന പത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന് 15% ഡിസ്കൌണ്ട് അനുവദനീയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ 2018-19 വർഷത്തിൽ വിവിധ ആവശ്യങ്ങൾക്കായി പത്രങ്ങളിൽ പരസ്യം നൽകിയതിനുള്ള പരസ്യ ചാർജ് നൽകിയപ്പോൾ ഡിസ്കൗണ്ട് അനുവദിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വൌച്ചർ നം./തീയതി | തുക | പത്രം |
|---|---|---|
| 21800397/26.9.18 | 29534 | ദേശാഭിമാനി<br>(ഇൻവോയ്സ് നം-MPM/32862-4032/-<br>(ഇൻവോയ്സ് നം-MPM/34681-5040/-<br>(ഇൻവോയ്സ് നം-MPM/35712-7560/-<br>(ഇൻവോയ്സ് നം-MPM/35710-6048/-<br>(ഇൻവോയ്സ് നം-MPM/2018/07/60898-6854/- |

സർക്കാർ മാർഗ്ഗ നിർദ്ദേശ പ്രകാരമുള്ള 15% ഡിസ്കൌണ്ട് അനുവദിച്ച് കിട്ടുന്നതിന് നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല. പത്രം ആവശ്യപ്പെട്ടതു പ്രകാരമുള്ള തുക അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്.(ഓഡിറ്റ്

എൻക്വയറി നമ്പർ 12/18-19/13.2.2020 )സർക്കാർ മാർഗ്ഗ നിർദ്ദേശ പ്രകാരമുള്ള 15% ഡിസ്കൌണ്ട് അനുവദിച്ച കിട്ടുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 ടെൻണ്ടർ ഫോം വില കുറവായി ഈടാക്കി

2018-19 ൽ വിവിധ പ്രൊജക്റ്റുകൾ ടെൻണ്ടർ നടത്തിയതിൻറ വിവരം ചുവടെ ചേർക്കുന്നു
(ടെൻണ്ടർ തീയ്യതി 20.8.2018 )

| പ്രൊജക്ട് /പേര്/ നിർവ്വഹണോദ്യഗസ്ഥൻ | അടങ്കൽ | പങ്കെടുത്തവർ | ടെൻണ്ടർ ഫോറം വില | | |
|---|---|---|---|---|---|
| | | | ഈടാക്കിയത് | ഈടാക്കേണ്ടത് | കുറവ് |
| (1)8/19 കട്ടിൽ വിരതണം(പട്ടിക ജാതി )(അസി.സെക്രട്ടറി ) | 217500 | 6 | 200+12%GST | 500+12%GST | 300+12%GST x6=1800+12%GST |
| (2)5/19 ലാപ്പ്ടോപ്പ് വിതരണം(എസ്.സി) (അസി.സെക്രട്ടറി ) | 480000 | 3 | 200+12%GST | 960+12%GST | 760+12%GST x3=2280+12%GST |
| (3)9/19 പി.വി.സി ടാങ്ക് വിതരണം (എസ്.സി)-(അസി.സെക്രട്ടറി ) | 300000 | 3 | 200+12%GST | 600+12%GST | 400+12%GST x2 =800+12%GST |
| (4)13/19 വയോജനങ്ങൾക്ക് കട്ടിൽ (ജന)( )എെ.സി.ഡി.എസ് ) | 4350000 | 6 | 200+12%GST | 870+12%GST | 670+12%GST x6=4020+12%GST |
| (5)18/19-പഞ്ചായത്തിലേക്ക് കമ്പ്യൂട്ടർ (സെക്രട്ടറി ) | 250000 | 2 | 200+12%GST | 500+12%GST | 300+12%GST X2=600+12%GST |
| (8)25/19 -അംഗനവാടികൾക്ക് അലമാര (എെ.സി.ഡി.എസ് ) | 300000 | 5 | 200+12%GST | 600+12%GST | 400+12%GST x5=2000+12%GST |
| (9)101/19-സ്കൂളുകൾക്ക് പാത്രം എച്ച്.എം ) | 100000 | 4 | 200+12%GST | 500+12%GST | 300+12%GST x4=1200+12%GST |
| (10)127/19 -ഭിന്നശേഷിക്ക് ലാപ്പ് ടോപ്പ് (എെ.സി.ഡി.എസ് ) | 100000 | 2 | 200+12%GST | 500+12%GST | 300+12%GST x2=600+12%GST |
| (11)193/19 -ബയോഗ്യാസ് | 126000 | 2 | 200+12%GST | 500+12%GST | 300+12%GST x2=600+12%GST |

| | | | | | |
|---|---|---|---|---|---|
| (വി.ഈ.ഒ ) | | | | | |
| | | | | ആകെ | 13900+12%GST |

ഫോറം വില സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം എസ്റ്റിമേറ്റിൻറ 0.2% (കുറഞ്ഞത് 500/-രൂപ )വും,GO(P) 429/15/28.9.15 പ്രകാരവും 0.2% വും 12% GST യും ആണ് എന്നാൽ ആയതിൽ കുറവായിട്ടാണ് തുക ഈടാക്കിയിട്ടുള്ളത് .പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ട് -

ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിക്ക് (നം-/10/18-19/14.2.20 )സമർപ്പിച്ച മറുപടിയിൽ GO(P) 259/2010/LSGD/8.11.2010 അടിസ്ഥാനത്തിലാണ് മേൽ പ്രകാരമുള്ള നിരക്ക് ഈടാക്കിയതെന്ന് മറുപടി നൽകിയത് അംഗീകരിക്കുന്നില്ല.2013 ലെ GO(P) 3/2013/SPD/21.6.2013 പുതുക്കിയ സ്റ്റോർ മാന്വൽ പഞ്ചായത്തുകൾക്ക് ബാധകമാക്കിയിട്ടുള്ളതാണ് .ആയതിലെ നിരക്ക് പ്രകാരം വില ഈടാക്കാത്തതിനാൽ നഷ്ടം സംഭവിച്ചിട്ടുള്ള തുക ഇൗടാക്കേണ്ടതാണ് .

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 KWA ഡപ്പൊസിറ്റ് വർക്ക് -എസ്റ്റിമേറ്റിൽ അധികരിച്ച് തുക നൽകി

നിർവ്വഹണം -സെക്രട്ടറി

| | |
|---|---|
| പ്രൊജക്ട് നം -96/19 പൈപ്പ് ലൈൻ നീട്ടൽ (ഡപ്പോസിറ്റ് വർക്ക്- KWA ) | അടങ്കൽ -826200 (സി.എഫ്.സി ഗ്രാൻറ് ) |
| ചെലവ് -826000/-രൂപ | ബിൽ നം-20/18-19/11.2.19 -765000/-രൂപ<br>ബിൽ നം -27/18-19/29.2.19 -61000/-രൂപ |

അപാകതകൾ

1.KWA യുമായി എഗ്രിമെൻറ് വച്ചിട്ടില്ല.

2.KWA യുടെ DB2/GPT/3879/18/6.12.18പ്രകാരമുള്ള എസ്റ്റിമേറ്റിൽ 750000/-രൂപ മാത്രമാണ് .76000/-രൂപ അധികം നൽകിയത് എസ്റ്റിമേറ്റ് ഇല്ലാതെയാണ്.

3.മോണിട്ടറിങ് റിപ്പോർട്ട് ഇല്ല

4.വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

76000/-രൂപ നിർവ്വഹണോദ്യോഗസ്ഥൻറ നഷ്ടോത്തരവാദിത്വമായി കണക്കാക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ അറിയിക്കേണ്ടതാണ്എന്ന് കാണിച്ച് നൽകിയ എൻക്വയറിക്ക് (നം-17/18-19/14.2.2020 )മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-2 ടെണ്ടർ അപാകത- 38402 രൂപ നഷ്ടം

ICDS സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായ " അംഗനവാടികളിലേക്ക് അലമാരകളും കുട്ടികളുടെ തൂക്കം നോക്കുന്ന മെഷീനും വാങ്ങൽ " എന്ന പദ്ധതി(25/2018-19) പ്രകാരം അംഗനവാടികളിലേക്ക് അലമാരകൾ

വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചതു പ്രകാരം ലഭ്യമായ 5 ടെണ്ടറുകളിൽ, EMD അടവാക്കിയില്ല എന്ന കാരണം കാണിച്ച് FIDCO Enterprises സമർപ്പിച്ച ടെണ്ടർ നിരസിക്കുകയും അതിനേക്കാൾ ഉയർന്ന നിരക്ക് രേഖപ്പെടുത്തിയ സിത്താര ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. സ്റ്റോർ പർച്ചേഴ്സ് ഡിപ്പാർട്ട്മെന്റ് രജിസ്ട്രേഷനുള്ള FIDCO Enterprises , EMD അടവാക്കുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ട സ്ഥാപനമാണ്. ഇക്കാര്യം FIDCO സമർപ്പിച്ച ടെണ്ടറിൽ പ്രത്യേകം പരാമർശിച്ചിട്ടുമുണ്ട്. FIDCO Enterprises സമർപ്പിച്ച ടെണ്ടർ നിരസിക്കുകയും അതിനേക്കാൾ ഉയർന്ന നിരക്ക് രേഖപ്പെടുത്തിയ സിത്താര ഇൻഡസ്ട്രീസ്, ആലുകുട്ടം എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും വഴി 38402 രൂപയുടെ നഷ്ടം ഈ ഇനത്തിൽ ഗ്രാമ പഞ്ചായത്ത് ഫണ്ടിന് സംഭവിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ

| | സിത്താര ഇൻഡസ്ട്രീസ്<br>_ (ഇൻവോയ്സ് പ്രകാരം) | FIDCO Enterprises<br>(ടെണ്ടർ പ്രാകാരം) |
|---|---|---|
| Specification | Steel cabinet with four fixed shelves 198x90x48 (20G) | Steel cabinet with four fixed shelves 198x90x48 (20G) |
| നിരക്ക് | 8399 | 6922 |
| എണ്ണം | 26 | 26 |
| അകെ | 218374<br>(ബിൽ നം-12/2018-19 , 11.2.2019) | 179972 |
| വ്യത്യാസം | 38402 | |

അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് ICDS സൂപ്പർവൈസർക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (നം-19/18-19 17.2.2020) ക്ക് ICDS സൂപ്പർവൈസർ നൽകിയ മറുപടിയിൽ പഞ്ചായത്ത് പർചേസ് കമ്മറ്റിയും ഭരണ സമിതിയുടെയും തീരുമാനപ്രകാരമാണ് പർചേസ് ചെയ്തതെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ഇ.എം.ഡി. അടവാക്കിയിട്ടില്ല എന്നാണ് കാരണം രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല. ഈ ഇനത്തിൽ നഷ്ടം സംഭവിച്ച 38402 രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2018-19 | 17.07.2019മുതൽ18.07.2019വരെ | കെ.എസ്.എ.എം.പി.എം.11/1980/2019<br>തിയ്യതി: 26-08-2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 969275 | 114/19 ലൈഫ് ഭവന പദ്ധതി | 969275 | 0 |
| | 853367 | 132/19ലൈഫ് ഭവന പദ്ധതി(എസ്.സി) | 853367 | 0 |
| | 300000 | 58/19 ശാരീരിക മാനസിക | 300000 | 0 |

| | | | | |
|---|---|---|---|---|
| | | വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | | |
| | 108750 | 13/19-വയോജനങ്ങൾ ക്ക് കട്ടിൽ | 108278 | 472 |
| | 425000 | 17/19-നെൽകൃഷി പ്രോത്സാഹനം | 425000 | 0 |
| | 85000 | 18/19 -പച്ചക്കറി പ്രോത്സാഹനം | 85000 | 0 |
| ജില്ലാ പഞ്ചായത്ത് | 85000 | 188/19 -പച്ചക്കറി (വനിത) | 85000 | 0 |
| | 832040 | 114/19 -ലൈഫ് മിഷൻ | 832040 | 0 |
| | 388033 | 132/19 ലൈഫ് മിഷൻ | 388033 | 0 |
| | 300000 | 58/19 സ്കോളർഷിപ്പ് | 40000 | 0 |
| ബ്ലോക്ക് പഞ്ചാ. | 2741392 | ആകെ ചെലവ് | 2740920 | 472 |
| ജില്ലാ.പഞ്ചാ | 1605073 | ആകെ ചെലവ് | 1605073 | 0 |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| പ്രൊജക്ട് /പേര്/നിർവ്വഹണം | അടങ്കൽ | ചെലവ് | ബിൽ നമ്പർ |
|---|---|---|---|
| 3/19 എസ്.എസ്.എ വിഹിതം ജന (സെക്രട്ടറി ) | 700000 | 700000 | 7/18-19/31.6.2018 |
| 23/19 എസ്.എസ്.എ വിഹിതം -എസ്.സി(സെക്രട്ടറി ) | 100000 | 100000 | 8/18-19/31.6.2018 |
| 197/19 അലിഘഡ് കോളേജ് -ബയോ ഗ്യാസ് | 405000 | 81000 | വൗച്ചർ 21800671/5.1.19 |
| 96/19 കുടിവെള്ള പദ്ധതികളുടെ പൈപ്പ് ലൈൻ നീട്ടൽ (KWA ) | 826200 | 826000 | 20/18-1915.12.18-765000<br>27/18-19/29.2.19 -61000 |
| ആകെ | | 1707000 | |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-5 വായ്പ /വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി(KURDFC) | GO(MS)68/2018/LSGD/ 18.05.18 | 7741685 | 0 | -- | -- | |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1998-99 | 2-1 | 2006-07 | മരാമത്ത് | നടപടി തുടരുന്നു |
| 2005-06 | 2-4 | 2007-08 | പദ്ധതി ലക്ഷ്യംകണ്ടില്ല | നടപടി തുടരുന്നു |
| 2005-06 | 2-12 | 2007-08 | പദ്ധതി ലക്ഷ്യംകണ്ടില്ല | നടപടി തുടരുന്നു |
| 2005-06 | 2-30 | 2007-08 | പദ്ധതി ലക്ഷ്യംകണ്ടില്ല | നടപടി തുടരുന്നു |
| 2005-06 | 2-31 | 2007-08 | പദ്ധതി ലക്ഷ്യംകണ്ടില്ല | നടപടി തുടരുന്നു |
| 2004-05 | 3-7 | 2007-08 | തുക വിനിയോഗിച്ചില്ല | നടപടി തുടരുന്നു |
| 2005-06 | 2-14 | 2007-08 | വിനിയോഗ വിവരം ഇല്ല | നടപടി തുടരുന്നു |
| 2009-10 2010-11 | 3-15 | 2012-13 | ദുരിതാശ്വാസനിധി | നടപടി തുടരുന്നു |

## 4-9 ചാർജ് / സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2008-09 | 3-3 | സി.വി.കൃഷ്ണകുമാർ, സെക്രട്ടറി, | Lf 2643 /sp cell/ | 23723 | 0 | 0 | 0 | 0 | 0 | 23723 | - |

| | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | sc/d1/12/dtd 31.10.14 | | | | | | | | | | | |

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 10,81,52,760 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 8,92,56,411 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 13900 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 114402 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2352190 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 13900 | | സെക്രട്ടറി ,ശ്രീമതി.ജസ്സി.പി |
| 3-1 | | 76000 | സെക്രട്ടറി ,ശ്രീമതി.ജസ്സി.പി |
| 3-2 | | 38402 | ICDS സൂപ്പർ വൈസർ ശ്രീമതി.രജനി .പി |
| ആകെ | 13900 | 114402 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 400390 | സെക്രട്ടറി ,ശ്രീ.വിനോദ് കുമാർ .ടി.എം |
| 1-19 | 244800 | സെക്രട്ടറി,ശ്രീമതി.ജസ്സി.പി |
| 1-26 | 1707000 | സെക്രട്ടറി ,ശ്രീമതി.ജസ്സി.പി |
| ആകെ | 2352190 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല.

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | സമയത്തെ) ഔദ്യോഗിക മേൽവിലാസം | |
| ശ്രീമതി.ജസ്സി.പി.വി,സെക്രട്ടറി | സെക്രട്ടറി,രായമംഗലം ഗ്രാമ പഞ്ചായത്ത് | ഫ്ലാറ്റ് നമ്പർ-10ബി<br>കൽപ്പക കാസിൽ<br>ഇടപ്പള്ളി ,കൊച്ചി- 682024 |
| ശ്രീമതി.രജനി.പി ,ICDS സൂപ്പർ വൈസർ | എലംകുളം ഗ്രാമ പഞ്ചായത്ത് | ഗ്രാമ പഞ്ചായത്ത്പറയട്ട് (വീട് )പാതിരക്കോട് (പി.ഒ),മേലാറ്റൂർ ,മലപ്പുറം ജില്ല 679326 |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെട്ടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1992-1993,1993-1994<br>1994-1995 | എൽ.എഫ്.എം.07/1012/97തിയ്യതി : 18.9.2010 | 6 |
| 1995-96 | എൽ.എഫ്.എം-14/25/2000തിയ്യതി:18.9.2010 | 7 |
| 1996-97 | എൽ.എഫ്.എം-14/24/2000തിയ്യതി:18.9.2010 | 8 |
| 1997-98 | എൽ.എഫ്.എം-16/227/06തിയ്യതി :18.9.2010 | 3 |
| 1998-99 | എൽ.എഫ്.എം-16/232/06തിയ്യതി :18.9.2010 | 11 |
| 1999-00 | എൽ.എഫ്.എം-12/845/2001തിയ്യതി.18-09-10 | 8 |
| 2001-02 | എൽ.എഫ്.എം-16/1159/07തിയ്യതി :18.9.2010 | 2 |
| 2002-03 | എൽ.എഫ്.എം-16/1160/07തിയ്യതി :18.9.2010 | 8 |
| 2003-04 | എൽ.എഫ്.എം-16/1161/07/തിയ്യതി :18.9.2010 | 5 |
| 2004-05 | എൽ.എഫ്.എം-16/1162/07തിയ്യതി :18.9.2010 | 5 |
| 2005-06(ചെലവ്) | എൽ.എഫ്.എം-16/1163/07/തിയ്യതി :18.9.2010 | 32 |
| 2005-06 (വരവ്) | എൽ.എഫ്.എം-16/1348/07/തിയ്യതി :18.9.2010 | 1 |
| 2006-07 | എൽ.എഫ്.എം-16/1349/08തിയ്യതി :18.9.2010 | 43 |
| 2007-08 | എൽ.എഫ്.എം-11/1767/11തിയ്യതി :14.2.2012 | 12 |
| 2008-09 | എൽ.എഫ്.എം-11/1768/07 തിയ്യതി:14.2.2012 | 17 |
| 2009-10,2010-11 | എൽ.എഫ്.എം-11/2153/14തിയ്യതി:4-12-2014 | 5 |
| 2011-12,2012-13 | കെ.എസ്.എ.എം.പി.എം-11/1952/15 തിയ്യതി :16.09.15 | 24 |
| 2013-14<br>2014-15 | കെ.എസ്.എ.എം.പി.എം-11/1929/16 തിയ്യതി :03.08.16 | 25 |
| 2015-16 | കെ.എസ്.എ.എം.പി.എം11/3265/16/ തിയ്യതി :22.12.16 | 16 |
| 2016-17 | കെ.എസ്.എ.എം.പി.എം11/1555/17-തിയ്യതി :12.7.2017 | 8 |
| 2017-18 | കെ.എസ്.എ.എം.പി.എം-11/1946/18തിയ്യതി :27.9.18 | 3 |

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ഏലംകുളം ഗ്രാമ പഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അനുബന്ധം ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്)

ജില്ല ഓഡിറ്റ് കാര്യാലയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് .